മി. ചെയർമാൻ:

അനുകൂലിക്കുന്നവർ — 42

പ്രതികൂലിക്കുന്നവർ — 21

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്തപ്രകാരമുള്ള 2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി *(ശ്രീ.ഡൊമിനിക് പ്രസന്റേഷൻ)*: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഇതിനു സമാനമായ മുനിസിപ്പാലിറ്റി ബിൽ വളരെ വിശദമായി ചർച്ച ചെയ്തതാണ്. ഇനിയൊരു ചർവ്വിതചർവ്വണം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഓംബുഡ്സ്മാന്റേയും ട്രൈബ്യൂണലിന്റേയും പ്രവർത്തനപരിധി പഞ്ചായത്ത് അതിർത്തികളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള ഭേദഗതി ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് രണ്ടിന്റേയും രൂപീകരണം പഞ്ചായത്ത് രാജ് ആക്ടിലൂടെ ആയതുകൊണ്ട് സംശയങ്ങൾക്ക് ഇടനൽകാത്തവിധം ഇതിന്റെ പരിധി നഗരപ്രദേശങ്ങളിൽക്കൂടി വ്യാപിപ്പിക്കണമെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ ഗ്രാമപഞ്ചായത്ത് കൺവീനറാണ് ഗ്രാമസഭ വിളിക്കേണ്ടത്. അതുമാറ്റി പകരം ഗ്രാമസഭ കൺവീനർമാർ ആക്കുകയാണ് ഇതിൽ വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതി. നമ്മുടെ ഗ്രാമസഭകൾ പലതും നിർജ്ജീവമാണ്. ഗ്രാമസഭകൾ വിളിക്കുന്നതിൽ പലപ്പോഴും ഉത്തരവാദിത്വമില്ലായ്മ കാണുന്നുണ്ട്. അത് മാറ്റുന്നതിനുവേണ്ടിയുള്ള ഒരു പ്രധാനപ്പെട്ട ഭേദഗതിയാണിത്. വോട്ടിംഗ് യന്ത്രത്തിന് തകരാറ് വന്നാൽ അവിടെ പുതിയ തെരഞ്ഞെടുപ്പ് നടത്താനുള്ള അധികാരം നൽകുന്നതാണ് മറ്റൊരു ഭേദഗതി. ക്ഷേമകാര്യ സമിതികളുടെ പ്രവർത്തനങ്ങളിൽ ദാരിദ്ര്യനിർമ്മാർജ്ജനത്തിനും കുടുംബശ്രീയുടെ പ്രവർത്തനത്തിനും പ്രത്യേകം ഊന്നൽ നൽകുന്നതാണ് മറ്റൊരു പ്രധാന കാര്യം. പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റുമൊക്കെ തെരഞ്ഞെടുപ്പു കഴിഞ്ഞ് 15 ദിവസത്തിനുള്ളിൽ അധികാരം ഏറ്റെടുക്കുന്നില്ലെങ്കിൽ അവരെ

LIBRARY ARCHIVES Kerala Legislative Assembly

അതിൽനിന്ന് ഒഴിവാക്കുന്നതു സംബന്ധിച്ചും അനർഹരാക്കുന്നതു സംബന്ധിച്ചും ബില്ലിൽ പറയുന്നുണ്ട്. ഇന്ന് ഈ സഭയിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അടിയന്തിരപ്രമേയമുൾപ്പെടെ ചർച്ചയ്ക്ക് വന്നു. ഇവിടെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് വളരെ കൃത്യമായി നടക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറയുകയുണ്ടായി. അപ്പുറത്തുനിന്നും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഉപനേതാവും കക്ഷി നേതാക്കളുമുൾപ്പെടെയുള്ളവർ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഗവൺമെന്റിന് യാതൊരു താല്പര്യവുമില്ല, ഗവൺമെന്റ് അതിൽനിന്നും വ്യതിചലിച്ചുപോകുന്നുവെന്ന് പറയുകയുണ്ടായി. ഇത് വളരെ ആശങ്കയോടുകൂടി കാണുകയാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ അട്ടിമറിക്കുന്നതിനുവേണ്ടി പ്രതിപക്ഷത്തുനിന്നും ഒരു ഗൂഢാലോചന നടക്കുന്നതായി സംശയമുണ്ട്. ഇന്നത്തെ അടിയന്തിരപ്രമേയമുൾപ്പെടെ ഇതാണ് കാണുന്നത്. ഈ ഗവൺമെന്റ് കൃത്യസമയത്തുതന്നെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ഈ സഭയിൽ അടിവരയിട്ട് പറഞ്ഞതാണ്. തെരഞ്ഞെടുപ്പിനായി ഗവൺമെന്റ് സാധ്യമായ എല്ലാ സഹായവും ഇലക്ഷൻ കമ്മിഷന് നൽകിക്കൊണ്ടിരിക്കുകയാണ്. ഇലക്ഷൻ കമ്മിഷൻ ആവശ്യപ്പെടുന്ന എല്ലാ സഹായങ്ങളും നൽകി അടിയുറച്ച തീരുമാനമെടുത്ത് ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷം ഇപ്പോഴും പറയുന്നത് ഗവൺമെന്റ് അതിൽനിന്നും വ്യതിചലിച്ചുപോകുന്നുവെന്നാണ്. ഇതിൽ വളരെ ഗുരുതരമായ സംശയമുണ്ട്. സംസ്ഥാന ഇലക്ഷൻ കമ്മിഷൻ പ്രതിപക്ഷത്തിന്റെ കയ്യിലെ XXXXXXXXXX എന്ന് പറഞ്ഞാൽ നിഷേധിക്കുമോയെന്ന് അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദേവകുമാർ: സർ, സംസ്ഥാന ഇലക്ഷൻ കമ്മിഷൻ ഒരു ഭരണഘടനാ സ്ഥാപനമാണ്. ഒരു സ്വതന്ത്ര ഭരണഘടനാ സ്ഥാപനത്തെ ഈ സഭാവേദിയിൽ ദുരുദ്ദേശപരമായി പ്രതിപക്ഷത്തിന്റെ കയ്യിലെ XXXXXXXXXX എന്ന് ആരോപിച്ചിരിക്കുന്നത് ചട്ടപ്രകാരമല്ലാത്തതുകൊണ്ട് രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. ചെയർമാൻ: XXXXXXXXXX എന്നുള്ളത് വേണ്ട.

ശ്രീ. ടി. എൻ. പ്രതാപൻ: ഇപ്പോഴത്തെ സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ അരിവാൾ ചുറ്റിക നക്ഷത്രത്തിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലേക്ക് മത്സരിച്ച ആളാണ്.

ശ്രീ. ഇ. എം. അഗസ്തി: മുമ്പത്തെ ഇലക്ഷൻ കമ്മീഷണർ ശ്രീ. എം. എസ്. ജോസഫ് ഇലക്ഷൻ കമ്മിഷന്റെ കാലാവധി തീർന്ന് ആറു മാസത്തിനകം സംസ്ഥാന നിയമസഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്-ന്റെ സ്ഥാനാർത്ഥിയായി മത്സരിക്കുകയും ദയനീയമായി പരാജയപ്പെടുകയും ചെയ്ത സംഭവം ഇവിടെ ഉണ്ടായിട്ടുണ്ട്. തെരഞ്ഞെടുപ്പു കമ്മിഷൻ പോലെ വളരെ ഉത്തരവാദിത്വമുള്ള ഭരണഘടനാപരമായ സ്ഥാനങ്ങൾ വഹിക്കുന്ന, തെരഞ്ഞെടുപ്പ് നിഷ്പക്ഷമായി നടത്തേണ്ട ആളുകൾ ഇങ്ങനെ രാഷ്ട്രീയ രംഗത്ത് രാഷ്ട്രീയപ്പാർട്ടിക്ക് വിധേയമാകുന്നത് ശരിയാണോ?

XXXXX ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: ശ്രീ. ഇ. എം. അഗസ്തി പറഞ്ഞത് വളരെ ശരിയാണ്. ശ്രീ. എം. എസ്. ജോസഫ് അദ്ദേഹത്തിന്റെ കസേരയിൽനിന്നും നേരേ പോയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥിയായിട്ടാണ്. ഇപ്പോഴത്തെ ഇലക്ഷൻ കമ്മിഷണർ ശ്രീ. മോഹൻദാസ് ഈ കസേരയിൽ വരുന്നതിനുമുമ്പ് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലേക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥിയായി അരിവാൾ ചുറ്റിക നക്ഷത്രത്തിൽ മത്സരിച്ച ആളാണ്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ലോ കോളേജിൽ പഠിക്കുമ്പോൾ അദ്ദേഹം അവിടെ എസ്. എഫ്. ഐ. സ്ഥാനാർത്ഥിയായി മത്സരിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആറ്റിങ്ങലിൽ മത്സരിക്കുമ്പോൾ അദ്ദേഹത്തിന് എതിരായിട്ടുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി തെരഞ്ഞെടുപ്പു കമ്മിറ്റിയുടെ ഭാരവാഹിയായിരുന്നു അദ്ദേഹം. ഞാൻ ഇത് പറഞ്ഞപ്പോൾ അവർ പ്രതിഷേധം പ്രകടിപ്പിച്ചതുതന്നെ അതിന് തെളിവല്ലേ? ഞാൻ ഒരു വസ്തുത പറയുമ്പോൾ, ഇപ്പോഴത്തെ ഇലക്ഷൻ കമ്മീഷണർ ശ്രീ. മോഹൻദാസ് ഇലക്ഷൻ കമ്മീഷണറായി വരുന്നതിനുമുൻപ് ഇന്നയിന്ന കാര്യങ്ങളിലുണ്ടായിരുന്നു എന്നു പറയുന്നതിനെ അവർ എതിർക്കുന്നതുതന്നെ ശ്രീ. മോഹൻദാസും അവരും തമ്മിലുള്ള ഒത്തുകളിയുടെ ഏറ്റവും വലിയ തെളിവല്ലേ? ഇപ്പോൾ ഈ സഭയിൽ കാണിക്കുന്ന നാടകം..... (ബഹളം). ഞാൻ ഇത് പറയുമ്പോൾ അവർ പ്രകോപിതരാകേണ്ട കാര്യമുണ്ടോ? (ബഹളം) ..... സർ ..... പോയിന്റ് ഓഫ് ഓർഡർ ..... (ബഹളം).....

7.00 P. M]

മി. ചെയർമാൻ *(ശ്രീ. പി. ജെ. ജോയി):* പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ആരാണെന്ന് പറഞ്ഞാൽ മതി. അല്ലാതെ വെറുതെ പോയിന്റ് ഓഫ് ഓർഡർ എന്നുപറഞ്ഞാൽ മതിയോ? ആരെങ്കിലും പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ അത് എത്രാമത്തെ വകുപ്പ് പ്രകാരമാണെന്ന് പറഞ്ഞിട്ട് അത് ഉന്നയിക്കൂ.....പ്ളീസ്.....അല്ലാതെ ബഹളമുണ്ടാക്കിയാൽ ആർക്കെങ്കിലും എന്തെങ്കിലും മനസ്സിലാകുമോ?

ശ്രീ. കെ. കെ. ജയചന്ദ്രൻ : ഇവിടെ ഏകപക്ഷീയമായി തെരഞ്ഞെടുപ്പ് കമ്മീഷണർ എൽ.ഡി.എഫ്-ന്റെ XXXXXX എന്നു പറഞ്ഞു. അതിനുശേഷം വീണ്ടും ശ്രീ. ടി. എൻ. പ്രതാപൻ അതേകാര്യംതന്നെ അതുപോലെ പിന്നെയും ഉന്നയിക്കുകയാണ്.

മി. ചെയർമാൻ *(ശ്രീ. പി. ജെ. ജോയി):* ഇലക്ഷൻ കമ്മീഷണർ ആയിരുന്ന ശ്രീ. മോഹൻദാസ് ആ ഉദ്യോഗസ്ഥനാകുന്നതിനുമുൻപുള്ള കാര്യങ്ങൾ പറഞ്ഞത് ശരിയല്ലെങ്കിൽ അത് പറയാനുള്ള അവസരമുണ്ടാകും. അദ്ദേഹത്തെപ്പറ്റി അപകീർത്തിപരമായി പറയുന്നതൊന്നും രേഖയിലുണ്ടാകില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: ഞാൻ പറഞ്ഞത് ഇലക്ഷൻ കമ്മീഷണർ മോഹൻദാസ്.....(ബഹളം).....(ബഹളം).....

XXXXX ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ റൂളിംഗ് പ്രകാരം സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ഒന്ന് ചുരുക്കിപ്പറയണം.

ശ്രീ. ടി. എൻ. പ്രതാപൻ: ഞാൻ ശ്രീ. മോഹൻദാസ് ഇലക്ഷൻ കമ്മീഷണറാകുന്നതിനുമുൻപുള്ള കാര്യമാണ് പറഞ്ഞത്.

മി. ചെയർമാൻ: ആ വിഷയം വിടൂ, ഈ ബില്ലിലെ കാര്യങ്ങൾ പറയൂ. ഇനി അതിലേക്ക് പോകണ്ട.

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട ഇ. എം. അഗസ്തി ചോദിച്ച ഒരു പ്രധാന ചോദ്യം കഴിഞ്ഞ ഇലക്ഷൻ കമ്മീഷണർ അദ്ദേഹത്തിന്റെ സ്ഥാനമൊഴിഞ്ഞതിനുശേഷമാണ് പോയതെങ്കിൽ.....(ബഹളം).....അതെല്ലാം വസ്തുതയാണ്.

മി. ചെയർമാൻ: അദ്ദേഹത്തിന് പോകാനുള്ള സ്വാതന്ത്ര്യമുണ്ട്....ഒന്ന് അവസാനിപ്പിക്കൂ.

ശ്രീ. ടി. എൻ. പ്രതാപൻ: ഇതെല്ലാം വസ്തുതകളാണ്. നിങ്ങൾ അസ്വസ്ഥരാകേണ്ട. അദ്ദേഹം ഇലക്ഷൻ കമ്മീഷണറാകുന്നതിനു മുൻപുള്ള കാര്യമല്ലേ ഞാൻ പറഞ്ഞത്. അദ്ദേഹം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ മൽസരിച്ചു, അദ്ദേഹം ലാ കോളേജിൽ എസ്.എഫ്.ഐ. സ്ഥാനാർത്ഥിയായി മൽസരിച്ചു.....(ബഹളം).....

മി. ചെയർമാൻ: ഒന്ന് അവസാനിപ്പിക്കൂ.

ശ്രീ. ടി. എൻ. പ്രതാപൻ: പഞ്ചായത്ത് ഇലക്ഷന്റെ വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തുന്നതിന് വളരെയേറെ കാലതാമസമുണ്ടായി.....

മി. ചെയർമാൻ: ഇതിനെക്കുറിച്ചൊക്കെ ഒരുപാട് പറഞ്ഞതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: പഞ്ചായത്ത് മന്ത്രിമാരുടെ സമ്മേളനം ഗോഹട്ടിയിൽ ചേർന്നപ്പോൾ എല്ലാ ഇലക്ഷൻ കമ്മീഷണർമാരും പഞ്ചായത്ത് മന്ത്രിമാരും പങ്കെടുത്തിരുന്നു. അന്ന് അവിടെവച്ച ഒരു നിർദ്ദേശം എല്ലാ ഇലക്ഷനും ഒറ്റ വോട്ടർപട്ടിക മതിയെന്നാണ്. നമുക്ക് പഞ്ചായത്ത് ഇലക്ഷനുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ഒഴിവാക്കാമായിരുന്നു. ഒരൊറ്റ വോട്ടർ പട്ടികയായിരുന്നുവെങ്കിൽ നമുക്ക് 2005-ൽ പുറത്തിറക്കിയ വോട്ടർ പട്ടിക.....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: റൂൾ 284 അനുസരിച്ച് സംസാരിക്കുന്ന ആളുകൾ നിർബന്ധമായും പാലിക്കേണ്ട വ്യവസ്ഥകളിൽ ആർക്കെതിരെയൊക്കെ സംസാരിക്കാൻ പാടില്ലെന്നുള്ളതിനെ സംബന്ധിച്ച് വളരെ കർശനമായി പറയുന്നുണ്ട്. ഞാൻ വായിക്കാം.

മി. ചെയർമാൻ: അതിനെപ്പറ്റിയൊക്കെ ഇവിടെ പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: The words "persons in high authority" means persons whose conduct can only be discussed on a substantive motion drawn in proper terms under the Constitution or such other persons whose conduct, in the opinion of the Speaker, should be discussed on a substantive motion .....

മി. ചെയർമാൻ: അതിന് വ്യക്തമായ റൂളിംഗ് പറഞ്ഞല്ലോ. ഇപ്പോൾ ആ വിഷയം മാറി. അദ്ദേഹം ഇലക്ഷൻ കമ്മീഷണറാകുന്നതിന് മുൻപുള്ള കാര്യങ്ങൾ പറഞ്ഞത് യാഥാർത്ഥ്യമാണെങ്കിൽ അത് സ്വീകരിക്കാം. അത് യാഥാർത്ഥ്യമല്ലെങ്കിൽ അത് ചോദ്യംചെയ്യാൻ ഇഷ്ടംപോലെ വേദികളുണ്ട്. ഇപ്പോൾ ആ പ്രശ്നം കഴിഞ്ഞു ബില്ലിലേക്ക് കടന്നു. അപകീർത്തിപരമായി സംസാരിച്ചിട്ടുണ്ടെങ്കിൽ അത് രേഖയിൽ ഉണ്ടാകില്ലെന്നും പറഞ്ഞു.

ശ്രീ. ടി. എൻ. പ്രതാപൻ: ഗോഹട്ടിയിൽ ചേർന്ന പഞ്ചായത്ത് മന്ത്രിമാരുടെ സമ്മേളനത്തിൽ, ഇലക്ഷൻ കമ്മീഷണർ ഉൾപ്പെടെ പങ്കെടുത്ത സമ്മേളനത്തിൽ പ്രത്യേകിച്ചുണ്ടായ ഒരു ധാരണ ഒറ്റ വോട്ടർപ്പട്ടിക മതിയെന്നാണ്. പാർലമെന്റിലേക്കും ത്രിതല പഞ്ചായത്തുകളിലേക്കുമുള്ള തെരഞ്ഞെടുപ്പിന് ഒറ്റ വോട്ടർ പട്ടിക മതിയെന്നാണ്. 2005-ലെ വോട്ടർപട്ടിക ഉണ്ടായിരുന്നിട്ടുപോലും ഇവിടെ വീണ്ടും വോട്ടർപ്പട്ടികയുമായി ബന്ധപ്പെട്ട ആശയക്കുഴപ്പമുണ്ടാക്കിയതാണ് ഇത് ഇത്രയും നീണ്ടുപോകാനിടയായ കാരണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന ഭേദഗതി ബില്ലിനെക്കുറിച്ച് യാതൊരു തർക്കവും ഉണ്ടാകേണ്ട കാര്യമില്ല. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി ബിൽ) വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, കാര്യമായി മറുപടി പറയേണ്ട ഒരു ചർച്ച ഇവിടെ നടന്നിട്ടില്ല. അതുകൊണ്ട് ഒന്നും പറയാനില്ല.

മി. ചെയർമാൻ: ശ്രീ. ടി. എൻ. പ്രതാപൻ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. കെ. നാണു: അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. നാണു: പ്രസ്സ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ശ്രീ. സി. കെ. നാണു അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2003-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(87) ഖണ്ഡം 2(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 1(2)-ന്റെ ക്ളിപ്ത നിബന്ധനയിൽ "കേരള സംസ്ഥാനത്തെ നഗരപഞ്ചായത്തുകളുടെയും" എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* ഇല്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ അതരിപ്പിച്ച 87-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്നപ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(98) ഖണ്ഡം 3(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(3)-ൽ "ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച്" എന്ന വാക്കുകൾക്കുപകരം "ഗ്രാമപഞ്ചായത്തോ ഗ്രാമസഭയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(99) ഖണ്ഡം 3(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(3)-ൽ "ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വാർഡ് മെമ്പറും ഗ്രാമസഭയുടെ കൺവീനറുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന സ്ഥലത്തും തീയതിയിലും സമയത്തും ഗ്രാമസഭയുടെ യോഗം ചേരേണ്ടതും യോഗം ചേരുന്ന വിവരം ഗ്രാമസഭാംഗങ്ങളെ ഗ്രാമസഭ കൺവീനർ പൊതുനോട്ടീസ് മുഖേനയും വ്യക്തിപരമായും അറിയിക്കേണ്ടതുമാണ്" എന്നു ചേർക്കേണ്ടതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(100) ഖണ്ഡം 3(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(3)-ൽ "കൂടിയാലോചിച്ച്" എന്നതിനുശേഷം "ബന്ധപ്പെട്ട നിയോജകമണ്ഡലത്തിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(101) ഖണ്ഡം 3(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(3)-ൽ "ചേരുന്ന വിവരം" "ഒരു പൊതുനോട്ടീസ്" എന്നീ വാക്കുകൾക്കിടയിൽ ചുവടെപറയുന്ന വാക്കുകൾകൂടി ഉൾപ്പെടുത്തേണ്ടതാണ്.

"യോഗതീയതിക്ക് മൂന്നു ദിവസങ്ങൾക്കു മുമ്പുതന്നെ"

(105) ഖണ്ഡം 3(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(3)-ൽ "ഗ്രാമസഭാംഗങ്ങളെ" എന്നതിനുശേഷം "അവരുടെ വീടുകളിൽ" എന്നീ വാക്കുകൾകൂടി ചേർക്കേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(103) ഖണ്ഡം 3(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 3(3)-ൽ "കൂടിയാലോചിച്ച് " എന്ന വാക്കിനുശേഷം "ഗ്രാമസഭയിലെ മുഴുവൻ അംഗങ്ങൾക്കും പങ്കെടുക്കാൻ കഴിയുംവിധം" എന്നും "ഗ്രാമസഭ അംഗങ്ങളെ അറിയിക്കേണ്ടത്" എന്നതിനുപകരം "ഗ്രാമസഭാംഗങ്ങളെ അറിയിക്കുകയും, അവർ പങ്കെടുക്കുമെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്" എന്നും ചേർക്കേണ്ടതാണ്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* ഭേദഗതികൾ സ്വീകരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം.എ. വാഹീദ് അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 100-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 101, 105 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(106) ഖണ്ഡം 4(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 35(എഫ്) വകുപ്പിൽ "പഞ്ചായത്തിന്റെ" എന്ന വാക്കിന്റെ തുടക്കത്തിൽ "പഞ്ചായത്തുമായി ബന്ധപ്പെട്ടുവരുന്ന നിർമ്മാണ പ്രവർത്തനമോ" എന്ന വാക്കുകൾ കൂട്ടിച്ചേർക്കണം.

(118) ഖണ്ഡം 4(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 35(ജി) വകുപ്പ് താഴെപ്പറയുന്ന പ്രകാരം മാറ്റുക. "(ജി) ആ പഞ്ചായത്തിനെതിരായി അഭിഭാഷകനായി ജോലി സ്വീകരിക്കുകയോ പ്രതിഫലം പറ്റുന്ന വിധത്തിൽ ജോലിയിൽ ഏർപ്പെടുകയോ; അഥവാ".

(119) ഖണ്ഡം 4(3) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 35(ആർ) നീക്കം ചെയ്യുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(107) ഖണ്ഡം 4(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 35(എഫ്)-ൽ "പഞ്ചായത്തിന്റെ പദ്ധതിയോ" എന്ന വാക്കുകൾക്കു പകരം "പഞ്ചായത്തിന്റെ ഏതെങ്കിലും പദ്ധതിയോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(116) ഖണ്ഡം 4(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 35(ജി) യിൽ "ജോലിയിലേർപ്പെട്ടിരിക്കുകയോ" എന്ന വാക്കുകൾക്കുപകരം "സേവനത്തിലേർപ്പെട്ടിരിക്കുകയോ" എന്നും "അഭിഭാഷകനായി ജോലി" എന്നതിനുപകരം "അഭിഭാഷകവൃത്തി" എന്നും മാറ്റി എഴുതുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(109) ഖണ്ഡം 4(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 35(എഫ്) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

"പഞ്ചായത്തിന്റെ പദ്ധതിയോ പണിയോ നടത്തുകയും ഗുണഭോക്തൃ കമ്മിറ്റി കൺവീനർ എന്ന നിലയിൽ പഞ്ചായത്തുമായി ഏർപ്പെട്ട കരാർ ലംഘിക്കുകയും പഞ്ചായത്തിന് അതുവഴി ഏതെങ്കിലും വിധത്തിലുള്ള സാമ്പത്തിക നഷ്ടം വരുത്തുകയോ".

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(115) ഖണ്ഡം 4(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 35(ജി) യിൽ "പഞ്ചായത്തിനു വേണ്ടിയോ" എന്നതിനുപകരം "തദ്ദേശ ഭരണസ്ഥാപനത്തിനുവേണ്ടിയോ" എന്നു ചേർക്കുക.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഇതുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റി ബില്ലിലും സമാന സമീപനമാണ് സ്വീകരിച്ചത് പഞ്ചായത്ത്‌രാജ് ബില്ലിലും ഇത്തരം രീതിയാകുന്നത് ശരിയല്ല. അതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 107, 116 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 106, 118, 119 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(123) ഖണ്ഡം 5(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 72(1)(എ.എ.) യിൽ "ഏതെങ്കിലും സാങ്കേതിക" എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

(125) ഖണ്ഡം 5(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 72(1)(എ.എ.)യിൽ "സാങ്കേതിക" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(127) ഖണ്ഡം 5(2) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 72(2) (ബി) യ്ക്കുശേഷം താഴെപ്പറയുന്നത് ചേർക്കുക.

"(സി) പുതിയ വോട്ടെടുപ്പുനടത്തുന്നതിന് തീരുമാനിക്കുന്നപക്ഷം ഏറ്റവും അടുത്ത തീയതി നിശ്ചയിക്കുകയും; തെരഞ്ഞെടുക്കപ്പെടുന്ന അംഗത്തിന് പ്രസിഡന്റ്, വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിക്കുന്നതിനോ; വോട്ടു ചെയ്യുന്നതിനോ അവസരം ലഭിക്കുന്ന വിധത്തിൽ ഉറപ്പുവരുത്തണം."

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി*) : സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 123, 125 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(128) ഖണ്ഡം 6 പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 74 എ-യിൽ "ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ" എന്ന വാക്കുകൾക്കു പകരം "ഉണ്ടാക്കിയ ചട്ടങ്ങളിലോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(137) ഖണ്ഡം 6 പ്രകാരം പുതുതായി ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 74 എ-യ്ക്ക് ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി നമ്പർ നൽകുകയും പ്രസ്തുത (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കുകയും ചെയ്യുക:

"(2) "വോട്ടിംഗ് യന്ത്രം" ഉപയോഗിക്കുന്നതിനും, ബുദ്ധിമുട്ടുകൾ ഇല്ലാതെ വോട്ടു ചെയ്യുന്നതിനും കഴിയുംവിധം വോട്ടർമാരെ വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നതിന് പഠിപ്പിക്കുന്നതിനും തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടി സ്വീകരിക്കേണ്ടതാണ്.

(3) വോട്ടർമാരെ പഠിപ്പിക്കുന്നതിന്റെ ഭാഗമായി വോട്ടിംഗ് യന്ത്രത്തിന്റെ മോഡൽ (സാമ്പിൾ ബാലറ്റ്) അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ സ്ഥാനാർത്ഥികൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകേണ്ടതാണ്."

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(138) ഖണ്ഡം 8 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 153 (13എ)-ൽ "പതിനഞ്ച്" എന്നതിനു പകരം "ഇരുപത്തിയഞ്ച്" എന്ന വാക്കു ചേർക്കേണ്ടതാണ്.

GPM. 2/609/2012—72

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(153) ഖണ്ഡം 8 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 153 (13എ)-ൽ "പതിനഞ്ച് ദിവസത്തിനകം മതിയായ" എന്ന വാക്കുകൾക്കു പകരം "പത്ത് ദിവസത്തിനകം തെരഞ്ഞെടുപ്പ് കമ്മീഷന് ബോധ്യപ്പെടത്തക്ക തരത്തിലുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. ജോസഫ് എം: പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(154) ഖണ്ഡം 8 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 153 (13എ)-ൽ "മതിയായ കാരണങ്ങളാലല്ലാതെ" എന്ന വാക്കുകൾ ഒഴിവാക്കേണ്ടതാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

(155) ഖണ്ഡം 8 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 153 (13എ)-ൽ

(1) "സ്ഥാനം ഏറ്റെടുക്കാത്തപക്ഷം" എന്നതിനു പകരം "സ്ഥാനം ഏറ്റെടുക്കാത്തപക്ഷമോ പ്രസ്തുത തീയതിക്കുമുമ്പ് സ്ഥാനം ഏറ്റെടുക്കാൻ സന്നദ്ധനല്ലെന്ന് സ്വന്തം കൈപ്പടയിലെഴുതിയ കത്തുമൂലം സെക്രട്ടറിയെ അറിയിക്കുന്നപക്ഷമോ" എന്നു ചേർക്കുക.

(2) "സ്വമേധയായി" എന്നതിനു പകരം "സ്വമേധയാ" എന്നു ചേർക്കുക.

(157) ഖണ്ഡം 8 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 153 (13എ) താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യുക:

13(എ) "ഏതു തലത്തിലുമുള്ള ഒരു പഞ്ചായത്തിലെ പ്രസിഡന്റോ വൈസ് പ്രസിഡന്റോ ആയി തെരഞ്ഞെടുക്കപ്പെട്ട ആളെ അപ്രകാരം തെരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ യഥാക്രമം പതിനഞ്ചോ മുപ്പതോ ദിവസത്തിനകം മതിയായ കാരണങ്ങളാലല്ലാതെ സത്യപ്രതിജ്ഞയോ പ്രതിജ്ഞയോ ചെയ്ത് സ്ഥാനം ഏറ്റെടുക്കാത്തപക്ഷം അയാൾ അതതു സംഗതിപോലെ പ്രസിഡന്റ് അഥവാ വൈസ് പ്രസിഡന്റ് സ്ഥാനം സ്വമേധയായി ഒഴിഞ്ഞതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷന് പ്രഖ്യാപിക്കാവുന്നതാണ്."

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(156) ഖണ്ഡം 8 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 153 (13എ)-ൽ "വൈസ് പ്രസിഡന്റ്" എന്ന വാക്കിനുശേഷം "സ്ഥാനത്തിന് അയോഗ്യനായി കണക്കാക്കുമെന്നു നോട്ടീസ് നൽകി ഒരാഴ്ചയ്ക്കകം" എന്നുകൂടി ചേർക്കുക.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(158) ഖണ്ഡം 8 പ്രകാരം കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 153 (13എ)-യ്ക്കുശേഷം താഴെപ്പറയുന്ന ക്ളിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനു സംവരണം ചെയ്യപ്പെട്ടതാണെങ്കിൽ ഭരണസ്തംഭനം ഉണ്ടാകാതിരിക്കുന്നതിനു കഴിയുംവിധം തെരഞ്ഞെടുപ്പ് കമ്മീഷൻ നടപടി സ്വീകരിക്കേണ്ടതാണ്.".

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ അവതരിപ്പിച്ച 155, 157 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പ്

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(166) ഖണ്ഡം 11 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ 204-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിന്റെ വിശദീകരണത്തിൽ

"യാത്രാ അലവൻസോ" എന്ന വാക്കുകൾക്കുശേഷം "മറ്റു കോമ്പൻസേറ്ററി അലവൻസോ ഓവർടൈം അലവൻസോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(169) ഖണ്ഡം 11 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിന്റെ 204-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിന്റെ വിശദീകരണത്തിൽ

"വീട്ടുവാടക അലവൻസിന്" മുൻപിലായി "ക്ഷാമബത്ത" എന്ന വാക്കു കൂടി ചേർക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. വി. കെ. സി. മമ്മത്കോയ അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

12-ാം വകുപ്പ്

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(174) ഖണ്ഡം 13 പ്രകാരം പുതുതായി ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 212(6)-ന്റെ ക്ലിപ്ത നിബന്ധനയിൽ "ബാങ്കുകളിൽ നിക്ഷേപിക്കാവുന്നതാണ്" എന്നതിനുപകരം "ബാങ്കുകളിലോ ധനകാര്യ സ്ഥാപനത്തിലോ നിക്ഷേപിക്കുന്നതിനു തീരുമാനം എടുക്കാൻ പഞ്ചായത്ത് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും" എന്നു ചേർക്കുക.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(175) ഖണ്ഡം 14 പ്രകാരം പുതുതായി ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 254(2)-ന്റെ (iii എ.) താഴെ പറയുന്ന പ്രകാരം മാറ്റേണ്ടതാണ്:

"(iii എ.) വോട്ടിംഗ് യന്ത്രം ഉപയോഗിച്ച് വോട്ടുകൾ ചെയ്യേണ്ടതും രേഖപ്പെടുത്തേണ്ടതുമായ രീതികൾ സംബന്ധിച്ചും അങ്ങനെയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്ന പോളിംഗ് സ്റ്റേഷനുകളിൽ വോട്ടെടുപ്പ് നടത്തേണ്ടതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ സംബന്ധിച്ചും".

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(176) ഖണ്ഡം 14 പ്രകാരം പുതുതായി ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 254(2)-ന്റെ (iii എ.) യിൽ "വോട്ടുകൾ നൽകേണ്ടതും" എന്ന വാക്കുകൾക്കുപകരം "വോട്ടു നൽകേണ്ടതും" എന്ന വാക്കുകൾ ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(177) ഖണ്ഡം 14 പ്രകാരം പുതുതായി ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 254(2)-ന്റെ (iii എ) യിൽ "രീതികൾ സംബന്ധിച്ചും" എന്ന വാക്കുകൾക്കുശേഷം താഴെ പറയുന്ന വിധം കൂട്ടിച്ചേർക്കുക:

"യന്ത്രത്തിൽ വോട്ടു ചെയ്യുന്നതിനു വോട്ടർമാരെ പഠിപ്പിക്കുന്നതിനെ സംബന്ധിച്ചും"

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(178) ഖണ്ഡം 14 പ്രകാരം പുതുതായി ചേർക്കുവാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 254(2)-ന്റെ (iii എ)യിൽ "സ്വീകരിക്കേണ്ട" എന്ന വാക്കിനുപകരം" സ്വീകരിക്കേണ്ടതുമായ" എന്ന വാക്ക് ചേർക്കുക.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(179) ഖണ്ഡം 15(1)-ൽ "ഓർഡിനൻസിന്റെ (2001-ലെ 20) പ്രാബല്യം ഇല്ലാതായിതീർന്നിരുന്നാൽത്തന്നെയും" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റിനും പകരം "ഓർഡിനൻസിന് (2001-ലെ 20) 2001 ജൂലായ് 17-ാം തീയതി മുതൽ പ്രാബല്യം ഇല്ലാതായിതീർന്നിരുന്നാൽത്തന്നെയും" എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കറ്റും ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. പി. ജെ. ജോയി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(82) പീഠികയിൽ "യുക്തമായിരിക്കുന്നതിനാൽ" എന്നതിനു പകരം "യുക്തമായിരിക്കുകയാൽ" എന്നു ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(83) പീഠികയിൽ "ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിആറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:-" എന്ന വാക്കുകൾ ഖണ്ഡികയായി ചേർക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 82-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 83-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പഞ്ചായത്ത്രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2003-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ.

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(ബിൽ 3-8-2005-ന് അവതരിപ്പിക്കപ്പെട്ടിരുന്നു)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):* സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു..

ശ്രീ. എം. എ. വാഹീദ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-8-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ശ്രീ. ടി. എൻ. പ്രതാപൻ സംസാരിച്ചതിൽനിന്ന് ഈ ഗവണ്മെന്റ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്താൻ പോകുന്നില്ല എന്നുള്ള കാര്യം വളരെ വ്യക്തമായി.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* അസന്ദിഗ്ദ്ധമായ വിധത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നിട്ടും പഞ്ചായത്ത് ഇലക്ഷൻ നടക്കില്ല എന്ന് പറഞ്ഞ് നിങ്ങൾ ആഘോഷിക്കുന്നത് ഇലക്ഷനെ ഭയപ്പെടുന്നതുകൊണ്ടല്ലേ?

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: എന്റെ ജില്ലയിൽ മഞ്ചേശ്വരം, കാസർഗോഡ് ഭാഗങ്ങളിൽ വോട്ടർ പട്ടിക മലയാളത്തിലും കന്നടയിലും ഉണ്ട്. മലയാളത്തിലെ വോട്ടർ പട്ടികയിലും കന്നടയിലെ വോട്ടർ പട്ടികയിലും വേറെവേറെ പേരുകളാണ്.

LIBRARY ARCHIVES Kerala Legislative Assembly